## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2217

### 05-02-2018 ൽ മറുപടിക്ക്

### കിഫ്ബി നിക്ഷേപ സമാഹരണ പരിപാടി

| ചോദ്യം<br>ശ്രീ. കെ.എസ്.ശബരീനാഥൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി മുഖേന അടിസ്ഥാന സൗകര്യ വികസനത്തിനായി നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് സർക്കാർ ആവിഷ്ക്കരിച്ച നയം വ്യക്തമാക്കുമോ; | സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗമനുസരിച്ച് മോട്ടോർ വാഹന നികുതി, പെട്രോളിയം ഉൽപന്നങ്ങളിന്മേലുള്ള സെസ് എന്നീ ഇനങ്ങളിലായി ആകെ 1772.17 കോടി രൂപ കിഫ്ബിക്ക് ലഭ്യമാക്കിയുണ്ട്. കൂടാതെ 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിലെ Plan Write Up പ്രകാരം 2015-16, 2016-17 വർഷങ്ങളിലായി ആകെ 2498.41 കോടി രൂപയും കിഫ്ബിയുടെ മൂലധന നിക്ഷേപമായി ലഭ്യമാക്കിയുണ്ട്. ഇപ്രകാരം ലഭ്യമാക്കിയ തുക നിലവിൽ കിഫ്ബോർഡ് അംഗീകരിച്ചിട്ടുള്ള പദ്ധതികളുടെ ആദ്യഘട്ട നടപ്പിലാക്കലിന് മതിയാകുന്നതാണ്. നബാർഡിൽ നിന്നും 565 കോടി രൂപ വായ്പ എടുക്കുന്നതിന്റെ ആദ്യപടിയായി 100.80 കോടി രൂപ കിഫ്ബിക്ക് ലഭ്യമാക്കിയുണ്ട്. വിവധ ബാങ്കുകളിൽ നിന്നും ദീർഘകാലാടിസ്ഥാനത്തിൽ വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കിഫ്ബോർഡിന്റെ തുടർന്നുള്ള യോഗങ്ങളിൽ സമർപ്പിക്കപ്പെടുന്ന പദ്ധതികളുടെ അംഗീകാരത്തിനനുസൃതമായി ആവശ്യമായി വരുന്ന തുക 2016 ലെ ഭേദഗതി ചെയ്ത കിഫ് ആക്ട് അനുശാസിച്ചിട്ടുള്ളതും, സെബിയും അർ.ബി.ഐ യും അംഗീകരിച്ചിട്ടുള്ളതുമായ നൂതന ധനസമാഹരണ മാർഗ്ഗങ്ങൾ (InVIT, IDF, ബോണ്ടുകൾ പുറപ്പെടുവിക്കൽ തുടങ്ങിയവ) അവലംബിച്ച് കിഫ്ബി നിധിയിലേക്കുള്ള നിക്ഷേപം സമാഹരിക്കുന്നതാണ്. ആദ്യപടിയായി യു.കെ, സിംഗപ്പൂർ, തുടങ്ങിയ രാജ്യങ്ങളിൽ |

| | |
|---|---|
| | മസാല ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിനും ഉദ്ദേശമുണ്ട്. ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിന്റെ ഭാഗമായി ICRA, CRISIL എന്നീ അന്തർദേശീയ റേറ്റിംഗ് ഏജൻസികൾ പ്രഥമ റേറ്റിംഗായി A+ നൽകിയിട്ടുണ്ട്. കൂടാതെ കിഫ്ബി പദ്ധതികൾക്കാവശ്യമായ തുക കെ.എസ്.എഫ്. ഇ എൻ.ആർ.ഐ ചിട്ടിയിലൂടെ ലഭിക്കുന്ന ഫ്ലോട്ട് ഫണ്ട് പ്രത്യേക ബോണ്ടുകൾ വഴി സമാഹരിക്കുന്നതിനുള്ള നൂതന സംരംഭവും സർക്കാർ മുന്നോട്ടു വച്ചിട്ടുണ്ട്. മലയാളികളായ പ്രവാസികളുടെ സഹകരണത്തോടെ ഇതുവഴി 12000 കോടി രൂപയുടെ വിഭവ സമാഹരണം നടത്തുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) ഇതിനായി ഗൾഫ് രാജ്യങ്ങളിൽ നിക്ഷേപ സമാഹരണ പരിപാടി സംഘടിപ്പിച്ചിരുന്നോ; എങ്കിൽ ഏതൊക്കെ രാജ്യങ്ങളിലാണ് ഇത് സംഘടിപ്പിച്ചതെന്ന് അറിയിക്കാമോ; | കിഫ്ബിയുടെ ധനാഗമ മാർഗ്ഗങ്ങളിൽ സുപ്രധാനമായ പങ്കുവഹിക്കും എന്ന് കരുതുന്ന ഒരു പദ്ധതിയാണ് കെ. എസ്. എഫ്. ഇ. യുമായി സഹകരിച്ച നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവാസി ചിട്ടി. ഈ പദ്ധതിയുടെ പ്രചരണത്തിന്റെയും മാർക്കറ്റ് അനാലിസിസ്സിന്റെയും ഭാഗമായി ദുബായിലും അബുദാബിയിലും പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി . ധാരാളം വിദേശ മലയാളികളും മലയാളി അസോസിയേഷനുകളും മുൻനിര പത്രമാധ്യമങ്ങളും ഈ പരിപാടികളിൽ പങ്കെടുത്ത് പദ്ധതിയോടുള്ള അനുഭാവം അറിയിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത പരിപാടിയിലൂടെ പ്രവാസി മലയാളികളിൽ നിന്നും മറ്റ് പ്രവാസി ഭാരതീയരിൽ നിന്നും വിദേശ രാജ്യങ്ങളിൽ നിന്നും ഇതിനകം എന്തെങ്കിലും നിക്ഷേപം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | പ്രവാസി ചിട്ടി പദ്ധതി ആരംഭിക്കുന്നതിന്റെ പ്രവർത്തനം അന്തിമഘട്ടത്തിലാണ്. |

[signature]

സെക്ഷൻ ഓഫീസർ